പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 400 — 27.09.2011-ൽ മറുപടിയ്ക്ക്

## സ്വയംസഹായ സംഘങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാപോറ്റി | ശ്രീ.എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി |
| എ. സ്വയംസഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധി മുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | എ. ഉണ്ട്. |
| ബി. സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനും വിപണി സൗകര്യം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | ബി. ഗ്രാമവികസന വകുപ്പിന്റെ സംരംഭമായ കേരള റൂറൽ ഡെവലപ്മെന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ(കേരംസ്) തിരുവനന്തപുരത്തെ വിപണന കേന്ദ്രം മുഖാന്തിരം സ്വയംസഹായ സംഘങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമീണ സ്വയം തൊഴിൽ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് സൗകര്യമുണ്ട്. വിവിധആഘോഷങ്ങളുമായി ബന്ധപ്പെട്ട് പ്രാദേശികമായും, ജില്ലാ തലത്തിലും വിപണന മേളകൾ സംഘടിപ്പിക്കുക വഴി സ്വയം സഹായ സംഘങ്ങളുടെയും ഇതരസ്വയം തൊഴിൽ സംരംഭകരുടെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അവസരമൊരുക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന സരസ് മേളകളിൽ സംസ്ഥാനത്തു നിന്നും സ്വയം സഹായ സംഘങ്ങൾ പങ്കെടുക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമീണ സ്വയം തൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് ഡി.ആർ.ഡി.എ.-കളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ജില്ലാ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ.